# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR(P14)989/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR(P14)989/2022. തീയ്യതി: 01/07/2022

# തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2021 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സതീശൻ എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 18-06-2022 | 22-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-06-2022 | 22-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ശിവൻ പി എ,ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ
ശ്രീ സിജു പി ഡാംസൺ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി നിജു സി എസ്,ഓഡിറ്റർ
ശ്രീമതി ബിന്ദു കെ എസ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സൌദ നാസർ | പ്രസിഡന്റ് | 01-04-2020 | 06-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 07-11-2020 | 29-12-2020 |
| ശ്രീ എം എസ് മോഹനൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ രാമദാസ് കെ എസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രതി എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ.ഗായത്രി | മെഡിക്കൽ ഓഫീസർ പിഎച്ച് സി | 01-04-2020 | 31-03-2021 |
| ഡോ.രജിത | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.ഗീതദേവി പി ജി | മെഡിക്കൽ ഓഫീസർ ആയുർവേദം ശാന്തിപുരം | 01-04-2020 | 31-03-2021 |
| ഡോ.മുഹസ് കെ കരിം | മെഡിക്കൽ ഓഫീസർ ആയുർവേദം പനങ്ങാട് | 01-04-2020 | 31-03-2021 |
| ശ്രീമതി ഗീത | വി ഇ ഒ പനങ്ങാട് | 01-04-2020 | 31-03-2021 |
| ശ്രീ രാജീവ് | വി ഇ ഒ വെമ്പല്ലൂർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഓമന കെ ജെ | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി ആര്യ കെ വേണു | അസിസ്റ്റന്റ് എഞ്ചനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ചിപ്പി ഖാദർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ദിവ പി പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീലത കെ ബി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 09-11-2020 |
| ശ്രീമതി.ഗിരിജ.സി.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-11-2020 | 31-03-2021 |
| ശ്രീ.സെബി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-5 |
| 6 | തൊഴിലുറപ്പപദ്ധതി<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-10 |
| 11 | വസ്തു നികുതി-റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-11 |
| 12 | വസ്തു നികുതി-നോൺ റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-12 |
| 13 | വസ്തു നികുതി- റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-13 |
| 14 | വസ്തു നികുതി- നോൺ റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-14 |
| 15 | ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും | 1-15 |

| | | |
|---|---|---|
| | പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | |
| 16 | വസ്തുനികുതി-മുൻകൂർ- വാർഷികകണക്കും രജിസ്റ്ററിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-16 |
| 17 | യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-17 |
| 18 | വരവിനങ്ങൾ-രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-18 |
| 19 | വരവ് ഇനങ്ങൾ-മുൻകൂർ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: N Satheesan (Deputy Director, On 29-06-2022) | 1-19 |
| 20 | Prior Period Items- അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-20 |
| 21 | ജേണൽ ബുക്ക്- രേഖപ്പെടുത്തലുകൾക്ക് വൌച്ചർ സൂക്ഷിക്കുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-21 |
| 22 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-22 |
| 23 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2022) | 1-23 |
| 24 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: N Satheesan (Deputy Director, On 29-06-2022) | 1-24 |
| 25 | അഡ്വാൻസ് രജിസ്റ്റർ പൂർണമായും എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: N Satheesan (Deputy Director, On 29-06-2022) | 1-25 |
| 26 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുകയും ഗ്രാന്റിനത്തിൽ ബാധ്യതയായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-26 |
| 27 | " Directly Debited By Bank" - 109363 രൂപ – തുടർനടപടി സ്വീകരിക്കണം.<br>Written By: Bindhu (Auditor, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-27 |
| 28 | "Directly Credited By Bank" എന്ന ഇനത്തിൽ 1102969 രൂപ -തുടർനടപടി സ്വീകരിക്കണം.<br>Written By: Bindhu (Auditor, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-28 |
| 29 | ബാങ്കിൽ നിക്ഷേപിച്ച തുക -1120767 രൂപ ക്യാഷ് ചെയ്തിട്ടില്ല- അടിയന്തിരനടപടി സ്വീകരിക്കണം.<br>Written By: Bindhu (Auditor, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-29 |
| 30 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale | 1-30 |

| | | |
|---|---|---|
| | Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.<br>Written By: Bindhu (Auditor, On 21-06-2022)<br>Last Updated By: N Satheesan (Deputy Director, On 29-06-2022) | |
| 31 | പാസ്സ്ബുക്ക്/അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല<br>Written By: Bindhu (Auditor, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-31 |
| 32 | Accumalated Provision For Outstanding Property Tax- തുക കിട്ടാനവശേഷിക്കുന്ന തുകയ്ക്ക് അനുസൃതമായി മാറ്റിയിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-32 |
| 33 | സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: N Satheesan (Deputy Director, On 29-06-2022) | 1-33 |
| 34 | വാർഷികകണക്കിലെ സ്ഥിരനിക്ഷേപം- നിക്ഷേപരജിസ്റ്റർ-57180 രൂപയുടെ വ്യത്യാസം<br>Written By: Bindhu (Auditor, On 21-06-2022)<br>Last Updated By: N Satheesan (Deputy Director, On 29-06-2022) | 1-34 |
| 35 | വസ്തു നികുതി (നോൺ റെസിഡെൻഷ്യൽ )തൻ വർഷം, കുടിശ്ശിക- യഥാർത്ഥ കളക്ഷനേക്കാൾ കൂടുതൽ 53448 രൂപ സഞ്ചയ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡിസിബി പത്രികയിൽ ചേർത്തു.തുടർപരിശോധന വേണം<br>Written By: Siju P. Damson (Asst. Audit Officer, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-35 |
| 36 | കെട്ടിടനിർമ്മാണങ്ങളുടെ ക്രമവത്കരണം സംബന്ധിച്ച രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.<br>Written By: Niju.C.S (Auditor, On 23-06-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2022) | 1-36 |
| 37 | ബിൽഡിങ്ങ് റഗുലറൈസേഷൻ ഫീ അടവാക്കിയില്ല<br>Written By: Niju.C.S (Auditor, On 23-06-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2022) | 1-37 |
| 38 | അനധികൃത നിർമ്മാണം- തുടർനടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Niju.C.S (Auditor, On 23-06-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2022) | 1-38 |
| 39 | MES HSS –സ്കൂൾ കെട്ടിട നിർമ്മാണത്തിനു പെർമ്മിറ്റ് അനുവദിച്ചത് ക്രമപ്രകാരമല്ല<br>Written By: Niju.C.S (Auditor, On 23-06-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2022) | 1-39 |
| 40 | ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല<br>Written By: Bindhu (Auditor, On 23-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-40 |
| 41 | ലാപ്പ്ടോപ്പ് വിതരണം-കെൽട്രോണിനു അധികം നൽകിയ തുക തിരിക ഈടാക്കേണ്ടതാണ്<br>Written By: Niju.C.S (Auditor, On 22-06-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2022) | 1-41 |
| 42 | വി.ഇ.ഒ. പി.വെമ്പല്ലൂർ നിർവഹിച്ച പ്രൊജക്ടുകളിലെ അപാകതകൾ<br>Written By: P.A.Sivan (Audit Officer, On 23-06-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2022) | 1-42 |
| 43 | വി.ഇ.ഒ( ആല സർക്കിൾ)നിർവഹിച്ച പ്രൊജക്റ്റിലെ അപാകതകൾ<br>Written By: P.A.Sivan (Audit Officer, On 23-06-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2022) | 1-43 |

| | | |
|---|---|---|
| 44 | വി. ഇ. ഒ (പനങ്ങാട് സർക്കിൾ) നിർവഹിച്ച പ്രൊജക്റ്റിലെ അപാകതകൾ<br>Written By: P.A.Sivan (Audit Officer, On 23-06-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2022) | 1-44 |
| 45 | മരാമത്ത് പദ്ധതിപ്രവർത്തനവും പദ്ധതിച്ചെലവും<br>Written By: P.A.Sivan (Audit Officer, On 23-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-45 |
| 46 | കരാറുകൾ ആധികാരികമായി ചമച്ചിട്ടില്ല.<br>Written By: P.A.Sivan (Audit Officer, On 23-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-46 |
| 47 | ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന സംശുദ്ധ സേവനത്തിന് ജി.എസ്.റ്റി. ഈടാക്കി അടവാക്കി<br>Written By: P.A.Sivan (Audit Officer, On 23-06-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2022) | 1-47 |
| 48 | പ്രൈസ് സോഫ്റ്റ്‌വെയർ അപാകതകൾ<br>Written By: P.A.Sivan (Audit Officer, On 23-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-48 |
| 49 | കാലി ബാരൽ വില ഈടാക്കിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 23-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-49 |
| 50 | അനധികൃതമായി കൈപ്പറ്റിയ തൊഴിലുറപ്പുവേതനം തിരിച്ചടച്ചു<br>Written By: P.A.Sivan (Audit Officer, On 23-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-50 |
| 51 | തൊഴിലുറപ്പുപദ്ധതിപ്രവർത്തനം<br>Written By: P.A.Sivan (Audit Officer, On 23-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-51 |
| 52 | ക്വാറി മക്ക് വില എൻ.ആർ.ഇ.ജി.എസ്,പ്രൈസ് സോഫ്റ്റ് വെയർ നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം<br>Written By: P.A.Sivan (Audit Officer, On 23-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-52 |
| 53 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി<br>Written By: Niju.C.S (Auditor, On 21-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 1-53 |
| 54 | സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്തതിൽ പിഴ ഈടാക്കിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 23-06-2022)<br>Last Updated By: N Satheesan (Deputy Director, On 29-06-2022) | 1-54 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: N Satheesan (Deputy Director, On 29-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: N Satheesan (Deputy Director, On 29-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: N Satheesan (Deputy Director, On 29-06-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: N Satheesan (Deputy Director, On 29-06-2022) | 4-4 |

| | | |
|---|---|---|
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: N Satheesan (Deputy Director, On 29-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: N Satheesan (Deputy Director, On 29-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: N Satheesan (Deputy Director, On 29-06-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: N Satheesan (Deputy Director, On 29-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: N Satheesan (Deputy Director, On 29-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Siju P. Damson (Asst. Audit Officer, On 18-06-2022)<br>Last Updated By: N Satheesan (Deputy Director, On 29-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

പഞ്ചായത്ത് ജനറൽ കമ്മറ്റി 19/3/2020 തീയതിയിലെ 01(01) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് വരവ് 28,58,72,430 രൂപയും ചെലവ് 28,17,30,291 രൂപയുമാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ 17/2/21 ലെ 4(02)നമ്പർ തീരുമാനം പ്രകാരം പുതുക്കിയ ബജറ്റ് പ്രകാരം വരവ് 37,46,49,476 രൂപയും ചെലവ് 32,73,91,331 രൂപയുമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 26-05 -2021 |

### 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 2,35,69,642 |
| ഓഡിറ്റ് വർഷത്തെ വരവ് | 12,86,55,211 |
| ആകെ | 15,22,24,853 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 12,41,66,554 |
| നീക്കിയിരിപ്പ് | 28,058,299 |

### 1-4 ഗ്രാന്റ് വിനിയോഗം

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 23155941 | 23155941 | 20770041 | 2385900 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12073314 | 12073314 | 9358802 | 2714512 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 13927000 | 13927000 | 12295303 | 1631697 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 7336043 | 7336043 | 6594258 | 741785 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 26272148 | 26272148 | 16191300 | 10080848 |

### 1-5 പദ്ധതി അവലോകനം

ഗ്രാമ പഞ്ചായത്തിലെ ഓഡിറ്റ് വർഷത്തെ പദ്ധതി അവലോകനം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 265 | 148793565 | 178 | 105930197 | 68 | 9 | 67.20 |

### 1-6 തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3730 | 10,92,970 | 10,96,700 | 4,61,074 | 6,35,626 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 45777594 | 45777594 | 45777594 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7,440 | 11 |
| കർഷകതൊഴിലാളി പെൻഷൻ | 43,58,400 | 293 |
| വിധവാപെൻഷൻ | 2,81,16,800 | 1994 |
| വാർദ്ധക്യകാലപെൻഷൻ | 4,28,22,700 | 3172 |
| വികലാംഗപെൻഷൻ | 72,00,900 | 489 |
| അവിവാഹിത പെൻഷൻ | 16,36,100 | 113 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 4,80,000 | 16 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2022ൽ 2.50 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4106 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകളും അത് മൂലം കണക്ക് സൂക്ഷിപ്പിലെ അപാകതകളും ഖണ്ഡിക 1-10 മുതൽ 1-35 വരെ ചേർത്തിട്ടുണ്ട്.

## 1-10 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

(ഓഡിറ്റ് എൻക്വയറി 10 തീ 22/6/22 , മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-11 വസ്തു നികുതി-റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4248123 | 3986672 | 33157 | 174150 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4248123 | 3986672 | 34730 | *174150 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(183008 /105X100)= 174293 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.മുൻകൂർ ക്രമീകരിച്ച തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 10 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-12 വസ്തു നികുതി-നോൺ റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2970576 | 2324777 | 11969 | 645920 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2970576 | 2272476 | 64270 | 645920 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)+ (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) 52301+11969=64270 | *(678487/105X100) = 646178 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക, മുൻകൂർ ക്രമീകരിച്ചത് എന്നിവ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 52301 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 10 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-13 വസ്തു നികുതി- റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 318381 | 195762 | ----- | 174150 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *316207 | 250110 | 1573 | **124950 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(195386+136631 =332017/105*100) =316207 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | **(131197/ /105X100)=6275 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ്, കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത്, ബാക്കി എന്നീ തുകകൾ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3.കുടിശ്ശിക തുകയിലേക്ക് എന്തിനാണ് 1573 രൂപ മുൻകൂർ ക്രമീകരിച്ചതെന്ന് വ്യക്തമല്ല.

(ഓഡിറ്റ് എൻക്വയറി 10 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-14 വസ്തു നികുതി- നോൺ റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1194707 | 861246 | ------ | 333803 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *381730 | 860099 | 1147* | *333803 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(183538+217279/105*100)= 381730 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | **(350532/105X100)= 333840, (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ് തുക, കളക്ഷൻ തുക, മുൻകൂർ ക്രമീകരിച്ചത് എന്നിവ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ

സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 1147 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീത് അടിക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

4.കുടിശ്ശിക തുകയിലേക്ക് എന്തിനാണ് 1147രൂപ മുൻകൂർ ക്രമീകരിച്ചതെന്ന് വ്യക്തമല്ല.

(ഓഡിറ്റ് എൻക്വയറി 10 തീ.22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-15 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 215716 | 17312 | 233028 | 205126 | 9952 | 215078 | 1760 | | 8858 | 6709 | 15658 |
| | നോൺ-റെസിഡൻഷ്യൽ | 152735 | 60195 | 212930 | 117117 | 43124 | 160241 | 612 | | 32567 | 16729 | 49362 |
| | ആകെ | | | 445958 | | | 375319 | | | 65020 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 446095 | | | 372787 | | | | 381232 | 64863 | | |
| | | 35931+410164 =446095(2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt. Cess/levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1.ഡിമാന്റ് തുക, കളക്ഷൻ തുക, മുൻകൂർ ക്രമീകരിച്ചത്, ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.
2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.
3.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 375319 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 372787 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 381232 രൂപയാണ്.

(ഓഡിറ്റ് എൻക്വയറി 10 തീ.22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-16 വസ്തുനികുതി-മുൻകൂർ- വാർഷികകണക്കും രജിസ്റ്ററിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 | സഞ്ചയ സോഫ്റ്റ്‌വെയർ |
|---|---|---|---|

| | | പ്രകാരമുള്ള തുകകൾ | പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 309087 | 322185 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 113279 | 118192 |

(ഓഡിറ്റ് എൻക്വയറി 10 തീ.22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-17 യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ 2020-21 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണയായി 1/4/20 ലും 17/6/20ലും മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 10 തീ.22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-18 വരവിനങ്ങൾ-രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല/രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4 വാടക ഡിമാന്റ് രജിസ്റ്റർ

(ഓഡിറ്റ് എൻക്വയറി 10 തീ.22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-19 വരവ് ഇനങ്ങൾ-മുൻകൂർ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 238530 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 100710 |
| 3 | മറ്റ് യൂസർ ചാർജ്ജുകൾ | 350410299-Advabce Collection Of Revenues-Other User Charges | 1400 |
| 4 | ലൈവ് സ്റ്റോക്ക് | 350410303-Advance Collection Of Revenues-Live Stock Farm Licence | 250 |
| 5 | മറ്റ് ഫീസുകൾ | 350410399-Advance Collection Of Revenues-Other Fees | 650 |
| 6 | വാടക | 350410401-Advance Collection Of Revenues-Rent From Building | 2810 |

(ഓഡിറ്റ് എൻക്വയറി 10 തീ.22/6/22 , മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-20 Prior Period Items- അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (10201) |
| 280100104-Prior Period Income-Property Tax On Non Residential Buildings | (815752) |
| 280800201-Prior Period -Administrative Expenses | 85376 |
| 280800701-Prior Period-Miscellanous Exp | (698640) |

(ഓഡിറ്റ് എൻക്വയറി 10 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-21 ജേണൽ ബുക്ക്- രേഖപ്പെടുത്തലുകൾക്ക് വൌച്ചർ സൂക്ഷിക്കുന്നില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി

സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 10 തീ 22/6/22 , മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-22 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി 10 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-23 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4488657 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 15229568 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 10 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-24 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനം 45648417 രൂപയും ചെലവ് 46109491 രൂപയുമാണ്. ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന തുകയിൽ വരുമാനത്തേക്കാൾ കൂടുതൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് ശരിയല്ല.

തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| റവന്യൂ ചെലവ് (ഭരണ ചെലവ് ഉൾപ്പെടെ) | 45266809 |
| ആസ്തി നിർമാണ ചെലവ് | 608485 |
| ആകെ | 45875294 |

| ക്ര.നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | കാന നിർമാണം-ഇറ്റി കോളനി | 203810 |
| 2 | ശ്രീനാരായണപുരം പ്രദേശത്തെ കാന നിർമാണം | 198928 |
| 3 | ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ നിർമാണം | 72642 |
| 4 | ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ നിർമാണം | 133105 |
| | ആകെ | 608485 |

ആകെ റവന്യൂ ചെലവ് തുകയായ 45266809 രൂപയാണ് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും ആയി വരേണ്ടിയിരുന്നത്. 608485 രൂപ Capital Contribution എന്ന ബാധ്യത ശീർഷകത്തിലേക്കും, അതാത് ആസ്തി ശീർഷകങ്ങളിലേക്കും ചേർക്കേണ്ടതായിരുന്നു. വ്യത്യാസത്തിന് കാരണം പരിശോധിച്ച് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 10 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-25 അഡ്വാൻസ് രജിസ്റ്റർ പൂർണമായും എഴുതി സൂക്ഷിച്ചിട്ടില്ല.

'460100103-Temporary Advance For Official Purpose 'എന്ന ശീർഷകത്തിലേയും '460500501-Advance To Implimenting Officers' എന്ന ശീർഷകത്തിലേയും അഡ്വാൻസുകളുടെ കണക്കുകൾ മാത്രമാണ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്. എല്ലാ അഡ്വാൻസുകളുടെയും വിവരങ്ങൾ രേഖപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ എഴുതി പൂർത്തീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 10 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-26 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുകയും ഗ്രാന്റിനത്തിൽ ബാധ്യതയായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 /ബി-9പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/21ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. മാത്രമല്ല ബാങ്ക് അക്കൌണ്ടിൽ നീക്കിയിരിപ്പുള്ള പ്രത്യേകോദ്ദശ്യ തുകകൾക്ക് തത്തുല്യമായ ബാധ്യത തുക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ചേർക്കാത്തതിന്റെയും വിവരം ചുവടെ ചേർക്കുന്നു

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320100101 | CSS-NREGA | 1131336 | 450410102 | Canara Bank NREGA | 635626 |
| 2 | 320200324 | Grants Funds For Epidemic Control | 225025 | | | |
| 3 | 320400199 | Grants Funds And Contribution Other Financial Institution | 11314 | | | |
| 4 | 320800202 | Dontation Related To Pandemic /Epidemic Control | 69748 | | | |
| 5 | 320800201 | Donation To CMDRF | 1000 | | | |
| 6. | 350800119 | Liability For Programme/scheme | 214560 | | | |
| | | | | 450410101 | Canara Bank Plan/pensionn | 523283 |

(ഓഡിറ്റ് എൻക്വയറി 10 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-27 " Directly Debited By Bank" - 109363 രൂപ – തുടർനടപടി സ്വീകരിക്കണം.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട്പാസ്സ്ബുക്ക് ൽ വന്ന ഡെബിറ്റ് തുകകൾ റീകൺസിലിയേഷൻ പത്രിക യിൽ " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി അതാത് ബാങ്ക് ബുക്കുകളുമായി പൊരുത്തപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2020-21ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| പാസ്ബുക്കിൽ ഡെബിറ്റ് വന്ന | ആകെ ഡെബിറ്റ് | ബാങ്ക് |
|---|---|---|

| | | |
|---|---|---|
| മാസങ്ങൾ | തുക | |
| ജൂലൈ 2020, ഒക്ടോബർ 2020 | 298 | എസ് ബി ഐ കോതപ്പറമ്പ് |
| സെപ്റ്റംബർ 2020 മുതൽ മാർച്ച് 21 വരെ | 109065 | കാനറ ബാങ്ക് , എൻ ആർജി എ |
| ആകെ | 109363 | |

(ഓഡിറ്റ് എൻക്വയറി 10 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-28 "Directly Credited By Bank" എന്ന ഇനത്തിൽ 1102969 രൂപ -തുടർനടപടി സ്വീകരിക്കണം.

"Directly Credited By Bank" എന്ന ഇനത്തിൽ 1102969 രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| പാസ്ബുക്കിൽ ക്രെഡിറ്റ് വന്ന മാസങ്ങൾ | ആകെ ക്രെഡിറ്റ് തുക | ബാങ്ക് |
|---|---|---|
| ആഗസ്റ്റ് 2020, ഫെബ്രുവരി 2021 | 5000 | എസ് ബി ഐ കോതപ്പറമ്പ് |
| ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെ | 1097969 | കാനറ ബാങ്ക്, എൻ ആർജി എ |
| ആകെ | 1102969 | |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2020-21 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

(ഓഡിറ്റ് എൻക്വയറി 10 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-29 ബാങ്കിൽ നിക്ഷേപിച്ച തുക -1120767 രൂപ ക്യാഷ് ചെയ്തിട്ടില്ല-അടിയന്തിരനടപടി സ്വീകരിക്കണം.

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 1120767രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| ചെക്ക് ഡെപ്പോസിറ്റ് ചെയ്ത മാസങ്ങൾ | ആകെ ക്രെഡിറ്റ് തുക | ബാങ്ക് |
|---|---|---|
| ആഗസ്റ്റ് 2020, സെപ്റ്റംബർ 2020, ഒക്ടോബർ 2020, | 40781 | എസ് ബി ഐ കോതപ്പറമ്പ് |
| ജൂലൈ 2020 മുതൽ ഫെബ്രുവരി 2021 വരെ | 1079986 | കാനറ ബാങ്ക്, എൻ ആർജി എ |
| ആകെ | 1120767 | |

(ഓഡിറ്റ് എൻക്വയറി 10 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-30 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നിക്ഷേപിച്ച മാസം | തുക | ബാങ്ക് |
|---|---|---|
| ഓഗസ്റ്റ് 2020 | 114000 | കാനറ ബാങ്ക്, എൻ ആർജി എ |

(ഓഡിറ്റ് എൻക്വയറി 10 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-31 പാസ്സ്ബുക്ക്/അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പ്രകാരം 31/3/21 ൽ ബാങ്ക് പാസ്സ്ബുക്ക് നീക്കിയിരിപ്പും ബാങ്ക്ബുക്ക് നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമില്ല എന്ന് കാണുന്നുണ്ട്. എന്നാൽ ഈ അക്കൗണ്ടുകളുടെ പാസ്സ്ബുക്കുകൾ/അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

| ബാങ്ക് | നീക്കിയിരിപ്പ് |
|---|---|
| സ്പെഷൽ ടിഎസ് ബി -ജോയിന്റ് വെഞ്ചർ | 624507 |

(ഓഡിറ്റ് എൻക്വയറി 10 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-32 Accumalated Provision For Outstanding Property Tax- തുക കിട്ടാനവശേഷിക്കുന്ന തുകയ്ക്ക് അനുസൃതമായി മാറ്റിയിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15(എ) പ്രകാരം "432100101-Accumalated Provision For Outstanding Property Tax "ആയി 144828 രൂപ ചേർത്തിട്ടുണ്ട്. ഇത് 31/3/20 ലെ നീക്കിയിരിപ്പ് തുക തന്നെയാണ്. 31/3/21 തീയ്യതിയിൽ വസ്തുനികുതി ഇനത്തിൽ കിട്ടാനവശേഷിക്കുന്ന തുക 31/3/20 ൽ നിന്നും വ്യത്യാസമുണ്ടെങ്കിലും പ്രൊവിഷൻ തുകയ്ക്ക് മാറ്റം വരുത്തിയിട്ടില്ല. ഓരോ വർഷവും അതാത് വർഷങ്ങളിലെ കിട്ടാനുള്ള തുകയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് 152/2011 തസ്വഭവ തീ 26/7/11 വിധേയമായി പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 10 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-33 സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 314768 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി 10 തീ.22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-34 വാർഷികകണക്കിലെ സ്ഥിരനിക്ഷേപം- നിക്ഷേപരജിസ്റ്റർ-57180 രൂപയുടെ വ്യത്യാസം

സ്ഥിരനിക്ഷേപങ്ങളെ സംബന്ധിക്കുന്ന സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| 31/3/20 ലെ ബാലൻസ്ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് | പലിശ ക്രെഡിറ്റ് ചെയ്തതായി കണക്കിൽ രേഖപ്പെടുത്തിയത് | 31/3/21 ലെ ബാലൻസ്ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|
| 25211971 | 1893146 | 270105117 | ഭൗതിക പരിശോധനയിൽ 27047937 രൂപയുടെ നിക്ഷേപം കാണുകയുണ്ടായി. |

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി12 പ്രകാരം 27105117 രൂപയുടെ സ്ഥിരനിക്ഷേപങ്ങൾ കാണുന്നു. എന്നാൽ ഭൗതികപരിശോധനയിലും നിക്ഷേപ രജിസ്റ്റർ പ്രകാരവും 27047937 രൂപയുടെ നിക്ഷേപ സാക്ഷ്യപത്രങ്ങൾ മാത്രമാണ് ഹാജരാക്കിയത്. 31/3/21ലെ വൗച്ചർ നമ്പർ 42000363 പ്രകാരം പലിശ വരവ് ഇനത്തിൽ 1893146 രൂപ ലെഡ്ജരിൽ ക്രെഡിറ്റ് ചെയ്തതായി കണ്ടെങ്കിലും ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം ചേർത്തിട്ടുള്ള ഇൻവെസ്റ്റ്മെന്റുകൾക്ക് 1835966 രൂപ മാത്രമേ പലിശ ഇനത്തിൽ വരവ് വന്നതായി കാണുന്നുള്ളൂ. പഞ്ചായത്ത് പലിശ ഇനത്തിൽ യഥാർത്ഥത്തിൽ ലഭിച്ചതിനേക്കാൾ കൂടുതലായി 57180 രൂപ വരവ് വെച്ചതായി കാണുന്നു. ആയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് തെറ്റായി 57180 രൂപ പലിശ വരവും ബാലൻസ്ഷീറ്റിൽ 57180 രൂപ കൂടുതൽ നിക്ഷേപവും കാണിക്കുന്നു. പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 48(2) പ്രകാരം നിർദ്ദേശിച്ച രീതിയിൽ സെക്രട്ടറി നിക്ഷേപങ്ങളുടെ

ഭൗതിക പരിശോധനയും 58 (3)എ പ്രകാരമുള്ള പൊരുത്തപ്പെടുത്തലും നടത്താതെ കണക്കുകൾ അന്തിമമാക്കിയതിനാലാണ് ഇപ്രകാരം തെറ്റായ വിവരം വാർഷികകണക്കിൽ ഉൾപ്പെട്ടത്. കണക്കുകൾ പരിശോധിച്ച് കൃത്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 10 തീ 22/6/22 , മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-35 വസ്തു നികുതി (നോൺ റെസിഡെൻഷ്യൽ )തൻ വർഷം, കുടിശ്ശിക- യഥാർത്ഥ കളക്ഷനേക്കാൾ കൂടുതൽ 53448 രൂപ സഞ്ചയ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡിസിബി പത്രികയിൽ ചേർത്തു.തുടർപരിശോധന വേണം

വസ്തു നികുതി (നോൺ റെസിഡെൻഷ്യൽ) തൻ വർഷം ഇനത്തിൽ വാർഷികകണക്കിൽ ചേർത്ത കളക്ഷനേക്കാൾ 52301 രൂപയും കുടിശ്ശിക കളക്ഷനെക്കാൾ 1147 രൂപയും ആകെ ഇപ്രകാരം 53448 രൂപയും സഞ്ചയ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വസ്തു നികുതി ഡിസിബി പത്രികയിൽ കളക്ഷനായി കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. (ഖണ്ഡിക 1-12,1-14 കൂടി കാണുക). ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ നേരിട്ട് എൻട്രി നടത്തുന്നതിനുള്ള സൗകര്യമുള്ളതായി അറിയുന്നു. അതായത് തുക നല്കുന്നയാൾക്ക് രസീത് നല്കാതെയോ അല്ലെങ്കിൽ കുറവ് തുകയ്ക്കു രസീത് നല്കിയ ശേഷം കൂടുതൽ തുക നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തുന്നതിന് സാധിക്കുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിൽ കളക്ഷനായി ചേർത്തതിനാൽ ഈ കെട്ടിട ഉടമകളിൽ നിന്ന് വീണ്ടും നികുതി ഡിമാന്റ് ചെയ്യാൻ സാധ്യതയില്ല. എന്നാൽ പഞ്ചായത്ത് ഫണ്ടിൽ ഈ തുക കളക്ഷൻ വന്നിട്ടില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാകുന്നതാണ്. മാസാന്ത്യത്തിൽ ഡിസിബി ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്ന രീതിയിൽ നിയന്ത്രണസംവിധാനം ഇല്ലാത്തതിനാൽ ഈ നഷ്ടം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ പരിശോധന ലോഗിൻ ലഭ്യമല്ലാത്തതിനാൽ ഓഡിറ്റ് കൂടുതൽ പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ ഏതെല്ലാം കെട്ടിടങ്ങളുടെ നികുതിയാണ് രസീതിന്റെ പിൻബലമില്ലാതെ സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കിൽ ഉൾപ്പെടുത്തിയതെന്ന് പരിശോധിക്കേണ്ടതും ഇപ്രകാരം അനധികൃതമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കുന്നതിനും രേഖപ്പെടുത്തൽ വരുത്തിയതിനെതിരെ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു (ഓഡിറ്റ് എൻക്വയറി 10 തീ.22/6/22, മറുപടി ലഭ്യമാക്കിയില്ല)

## 1-36 കെട്ടിടനിർമ്മാണങ്ങളുടെ ക്രമവത്കരണം സംബന്ധിച്ച രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

കെട്ടിടനിർമ്മാണങ്ങളുടെ ക്രമവത്കരണം സംബന്ധിച്ച രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

KPBR Rule 95 (3) അനുസരിച്ചുള്ള അപ്പെൻഡിക്സ് -G2 യിലുള്ള റഗുലറൈസ്ഡ് ബിൽഡിംഗ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിലെ 12 പേരുടെ റഗുലറൈസേഷൻ വിവരം അപൂർണ്ണമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 6 പേരുടെയാണ് കെട്ടിട നമ്പർ നല്കിയതായി കാണിച്ചിട്ടുള്ളത്.
പെർമ്മിറ്റ് രജിസ്റ്ററിലും മേല്പറഞ്ഞവരുടെ വിവരം പൂർണ്ണമാക്കിയിട്ടില്ല, ക്രമവത്കരണ രജിസ്റ്റർ ക്രമ നം.1 ൽ സുബ്രമണ്യൻ എന്ന മാത്രമാണ് ഉള്ളത്. രണ്ടു രജിസ്റ്ററിലും ഇപ്രകാരമാണ് രേഖപെടുത്തിയിട്ടുള്ളത്. സാംഖ്യ 2020-21 റഗുലറൈസേഷന് ഫീ ഹെഡ് വൈസ് റിപ്പോർട്ട് പ്രകാരം.33 പേർ റഗുലറൈസേഷന് ഫീസടവാക്കിയിട്ടുണ്ട്. ഇവരുടെ വിവരം രജിസ്റ്ററിൽ പൂർണ്ണമായും രേഖപ്പെടുത്തേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 19/22.6.2022)

## 1-37 ബിൽഡിങ്ങ് റഗുലറൈസേഷൻ ഫീ അടവാക്കിയില്ല

ബിൽഡിംഗ് പെർമിറ്റ്, റഗുലറൈസേഷൻ രജിസ്റ്റർ, സാംഖ്യ 2020-21 റഗുലറൈസേഷൻ ഫീ ഹെഡ് വൈസ് റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ തൻ വർഷം റഗുലറൈസേഷൻ ഫീ അടവാക്കാത്തരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | പേര് | കെട്ടിട വിഭാഗം | ഏരിയ | റഗുലറൈസേഷന് ഫീ |
|---|---|---|---|---|---|
| 1 | എ1 3266/25.3.21 | ഗോപിനാഥൻ പി വി | റസിഡൻഷ്യൽ | 64.75 | 453(64.75x3.5x2) |
| 2 | എ1 1922/16.2.21 | അലി നാസർ | റസിഡൻഷ്യൽ | 290.57 | 4068(290.57x7x2) |
| 3 | എ1 | കാദിർ | റസിഡൻഷ്യൽ | 177.49 | 1242(177.49x3.5x2) |

| | | | | | |
|---|---|---|---|---|---|
| | 2533/3.3..21 | കറപ്പംവീട്ടിൽ | | | |
| 4 | എ1 513/15.1..21 | ബീവി പാമ്പിനേഴത്ത് | റസിഡൻഷ്യൽ | 101.32 | 709(101.32x3.5x2) |

ഫീസടവാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം 19/22.6.2022)

## 1-38 അനധികൃത നിർമ്മാണം- തുടർനടപടി സ്വീകരിക്കേണ്ടതാണ്

ഫയൽ നം.എ1-3357/2021 തീ.29.3.2021

മുഹമ്മദ് സാദ്ദിഖ് എരക്കത്ത് എന്ന വ്യക്തി ഗ്രൂപ്പ് എഫ് എന്ന ഗണത്തിൽ 1314 M2 വിസ്തൃതി വരുന്ന TURF (Play Ground) കെട്ടിടം പണി പൂർത്തീകരിച്ചത് റഗലറൈസ് ചെയ്യുന്നതിന അപേക്ഷ നല്കിയതിന് ഒക്യൂപ്പൻസി അനുവദിച്ചിട്ടില്ല. എന്നാൽ ടിയാന്റെ ഓഫീസ് കെട്ടിടം റഗലറൈസ് ചെയ്യുന്നതിനുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഗ്രൂപ്പ് ഡി ഗണത്തില് ഉൾപ്പെടുത്താവുന്ന TURF (Play Ground) കെട്ടിടത്തിന്റെ പ്ലാൻ അപ്രകാരം സമർപ്പിക്കാത്തതിനാൽ 15.4.2021ന ഫയൽ റിട്ടേൺ ചെയ്യുകയുണ്ടായി. സ്ഥലം പരിശോധന റിപ്പോർട്ടില്ല. അനധികൃതമായാണോ നിർമ്മാണം എന്ന ഫയലിൽ വ്യക്തമല്ല. കെട്ടിടം പൂർത്തീകരിച്ചതിനാൽ പ്രവർത്തിച്ച വരുന്നുണ്ടോയെന്ന പരിശോധിക്കേണ്ടതും അനധികൃതമായ നിർമ്മാണം റഗലറൈസ് ചെയ്യേണ്ട സംഗതിയിൽ The Kerala Panchayat Building (Regularisation Of Unauthorised Construction)
Rules, 2018 Rule 9 പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം 19 /22.6.2022) ന മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-39 MES HSS –സ്കൂൾ കെട്ടിട നിർമ്മാണത്തിന പെർമ്മിറ്റ് അനുവദിച്ചത് ക്രമപ്രകാരമല്ല

ഫയൽ നം.എ1 -3809/2020

ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് പടിഞ്ഞാറെ വെമ്പല്ലൂർ വില്ലേജിൽ സർവ്വെ നമ്പർ.51,52/1,2,3,5,6,7 ൽ ഉൾപ്പെട്ട 11712 M2 വിസ്തൃതിയുള്ള സ്ഥലത്ത് 674.60m2 വിസ്തൃതിയിൽ GF+FF+SF നിലകളുള്ള വിദ്യഭ്യാസ കെട്ടിടവും 20.92 M2 വിസ്തൃതിയിൽ ടോയലെറ്റ് ബ്ലോക്കും നിർമ്മിക്കുന്നതിന തദ്ദേശ സ്വയംഭരണവകുപ്പ് പ്ലാനിംഗ് ജില്ലാ നഗരാസൂത്രക കാര്യാലയത്തിൽ നിന്നും 28.9.2020 ലെ TCP TSR/168/2020 –C1D Dis നം ഉത്തരവ് പ്രകാരം ലേ ഔട്ട് നം.13/2020 ആയി, നിബന്ധനകൾക്ക വിധേയമായി കെട്ടിടത്തിന്റെ ലേ ഔട്ട് അംഗീകാരവും വിദ്യഭ്യാസ ഉപയോഗത്തിനുള്ള അംഗീകാരവും നല്കിയിട്ടുണ്ട്. നിലവിൽ സ്ഥിതി ചെയ്യുന്ന ആകെ 3368.05 M2 വിസ്തൃതിയുള്ള കെട്ടിടങ്ങൾക്കും ഈ നിബന്ധനകൾ ബാധകമാക്കി ഉത്തരവ് നല്കിയിട്ടുണ്ട്.

എന്നാൽ നിബന്ധനകളിൽ പറയുന്ന കാര്യങ്ങൾ മുഴുവൻ പരിശോധിച്ചതായോ ഇതുമായി ബന്ധപ്പെട്ട് അപേക്ഷകന കത്ത് നല്കുകയോ ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. 13.7.2020 ൽ ആണ് കെട്ടിടനിർമ്മാണത്തിന അപേക്ഷ നല്കിയിട്ടുള്ളത്. എ1 3809/2020(22) 7.10.20 നമ്പർ പ്രകരം പെർമിറ്റ് നല്കിയിട്ടുണ്ട്

നിബന്ധനകൾ താഴെ ചേർക്കുന്നു.

1)പ്രസ്തുത ഭൂമി നഞ്ച, സ്ഥിരം പുഞ്ച എന്നിവയിൽ ഉൾപ്പെടുന്നവയായതിനാൽ ഭൂമി തരം മാറ്റുന്നത് സംബന്ധിച്ച് റവന്യൂവകുപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തേണം.

2.നിർദ്ദിഷ്ട നിർമ്മാണം കേരള നെൽ വയൽ തണ്ണീർത്തടസംരക്ഷണ നിയമം 2008 ന വിധേയമായിരിക്കണം.

3.ഇൻസിറ്റ്യൂ ലിക്വഡ് വേസ്റ്റ് മാനേജ്മെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, റിസൈക്ലിംഗ് & റിയൂസിംഗ് ഓഫ് വേസ്റ്റ് വാട്ടർ എന്നീ സംവിധാനങ്ങൾ, ഉപരിതല ജല നിർഗ്ഗമനത്തിനും ഖരദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനുമുള്ള ക്രമീകരണങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നുറപ്പ് വരുത്തേണ്ടതാണ്.

4.പ്രസ്തുത പ്ലോട്ടിൽ കനോലി കനാൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ, ടി പ്ലോട്ട് KPBR 2019 ചട്ടം 2(1) (Cf) പ്രകാരമുള്ളതാണെന്ന് ഉറപ്പാക്കണം.

5)മേൽ കെട്ടിടത്തിലെ (695.52 M2) ലേ ഔട്ട് അംഗീകാരമൊഴിച്ച് ബാക്കി പ്ലോട്ടിൽ നിലനില്ക്കുന്ന കെട്ടിടങ്ങൾ അംഗീകൃതമാണെന്നുറപ്പ വരുത്തേണ്ടതും അല്ലാത്തവ നീക്കം ചെയ്യേണ്ടതുമാണ്.

6) പാർക്കിംഗ് രേഖപ്പെടുത്തിയ പ്രകാരം ലഭ്യമാണെന്നുറപ്പ വരുത്തേണ്ടതും ഷൂട്ടിംഗ് റേഞ്ച് ഉചിതമായ സ്ഥലത്തുമാറ്റി സ്ഥാപിക്കേണ്ടതുമാണ്, പാർക്കിംഗ് പ്രായോഗികത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്

മേൽ പറഞ്ഞ നിബന്ധനകളിൽ നിബന്ധന 1 പരിശോധിച്ചതിൽ പെർമ്മിറ്റ് അനുവദിക്കുന്ന ഭൂമിയുടെ സർവ്വെനം. 52/6,7 പൊസഷൻ സർട്ടിഫിക്കറ്റിൽ തോട്ടം സ്ഥിരം പുഞ്ച എന്നാണെന്ന് ഫയൽ പ്രകാരം വ്യക്തമാക്കിയിട്ടുള്ളത്. എന്നിരുന്നാലും നിലവിലുള്ള കെട്ടിടങ്ങൾ (കെട്ടിട നം 21/241,21/242) സ്ഥിതി ചെയ്യുന്ന സർവ്വെ നം 51,52 /1,2,3,5 ൽ

ഉൾപ്പെടുന്ന ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെടാതിരിക്കുകയും ഭൂമിയുടെ തരം നഞ്ച എന്ന റവന്യൂ രേഖകളിൽ രേഖപ്പെടുത്തുകയും ചെയ്താൽ ആർ.ഡി.ഒയിൽ നിന്നും ഭൂമി തരം മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ KPBR 2019 Rule 5(4) പ്രകാരം Fire & Rescue Department ൽ നിന്നും പ്രസ്തുത കെട്ടിട നിർമ്മാണത്തിനുള്ള അനുമതി ലഭ്യമാക്കാതെയാണ് പെർമിറ്റ് നല്കിയിട്ടുള്ളത് മറ്റു നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്നും ഉറപ്പു വരുത്തേണ്ടതാണ്. മേൽ പറഞ്ഞ അപാകതക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.18, തീ.22.6.2022)

## 1-40 ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്ററും തൊഴിൽ നികുതി രജിസ്റ്ററും കൂടി പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | വി.ആർ.ഫുഡ്സ്, വലിയപറമ്പിൽ, ശാന്തിപുരം | 6 |
| 2 | സുപ്രീം ഫുഡ് പ്രോഡക്ട്സ്, ശാന്തിപുരം | 16 |
| 3 | അറഫാ സൂപ്പർമാർക്കറ്റ്, പതിയാശ്ശേരി | 5 |
| 4 | സ്വദേശി ട്രേഡേഴ്സ് | 10 |
| 5 | എ.സി.പി. ടൈൽസ് & സാനിറ്ററി വേൾഡ് | 5 |
| 6 | ഉദയ സോമിൽ | 4 |
| 7 | എം.ഐ.പി.ഫുഡ് ഇൻഡസ്ട്രീസ്, പനങ്ങാട് | 5 |
| 8 | അധോലോകം സോകി കഫെ, ശാന്തിപുരം | 8 |
| 9 | ഋത്വേദ കളക്ഷൻ, തൈക്കൂടൻ ബസാർ | 6 |
| 10 | വിജയലക്ഷ്മി കർട്ടൻസ്, തൈക്കൂടൻ ബസാർ | 10 |
| 11 | വർഷ & വർണ്ണ എക്സ്പോർട്ടേഴ്സ്, കോതപറമ്പ് | 5 |
| 12 | ഫോം ട്രേഡിംഗ് കോർപ്പറേഷൻ, കോതപറമ്പ് | 4 |
| 13 | പനങ്ങാട് ഹാർഡ് വെയേഴ്സ് സാനിറ്ററീസ് & ഗ്ലാസ്സ് വെയേഴ്സ്, അഞ്ചാംപരത്തി | 5 |
| 14 | ക്യൂൻസ് ഹാച്ചറി, ഫോർഷോർ റോഡ് | 7 |
| 15 | അശ്വതി അക്വാടെക്, ഫോർഷോർ റോഡ് | 5 |
| 16 | യുണൈറ്റഡ് സോഫാ മേക്കിങ്ങ്, വെമ്പല്ലൂർ | 12 |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ (എൻക്വയറി നമ്പർ.8/21.06.2022) മേൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-41 ലാപ്ടോപ്പ് വിതരണം-കെൽട്രോണിനു അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

പദ്ധതി നമ്പർ-289/21-മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്,

ചെലവ് 137300/- രൂപ

വികസന ഫണ്ട്

വൗച്ചർ നമ്പർ-22001829/26.3.2021-127590/-രൂപ

തനതുഫണ്ട്

ചെക്ക് നമ്പർ – 2541923/27.3.2021-9710/-രൂപ

ഫയൽ പരിശോധിച്ചതിൽ 5 ലാപ് ടോപ്പ്, വാങ്ങുന്നതിനായി കെൽട്രോണിന് തുക കൈമാറിയത് 20.2.2021 ലെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ TVM/ITBG/PI/RC/21415/20-21 പ്രകാരമാണ്. എന്നാൽ ലാപ്ടോപ്പ് ലഭിച്ച കൈപ്പറ്റ് കാണിച്ചിരിക്കുന്ന തീയതി.28.6.2021 ലാണ്. പിന്നീട് 22.9.21ൽ ലഭ്യമാക്കിയ കെൽട്രോൺ ടാക്സ് ഇൻവോയ്സ് നമ്പർ-ITP-05296/21-22 പ്രകാരം 5 ലാപ് ടോപ്പുകളുടെ ടാക്സ് അടക്കമുള്ള തുക 136146/- രൂപയാണ്. കെൽട്രോണിന് അധികംനൽകിയ 1154/- രൂപ റി ഫണ്ട് ചെയ്യുവാൻ കെൽട്രോണിനോട് ആവശ്യപ്പെടുവാനും. കെൽട്രോണിൽ നിന്ന് സാധനങ്ങൾ ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുവാനും ഓഡിറ്റ് നിർദ്ദേശിച്ചതിനെ തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ 23.06.22ന് കേരള സംസ്ഥാന മിഷന് കത്ത് അയച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം 12/22.06.22)

## 1-42 വി.ഇ.ഒ. പി.വെമ്പല്ലൂർ നിർവഹിച്ച പ്രൊജക്റ്റുകളിലെ അപാകതകൾ

വി. ഇ.ഒ. (പി.വെമ്പല്ലൂർ )നിർവഹിച്ച പ്രൊജക്റ്റുകൾ-പണി പൂർത്തീകരിക്കാത്തവ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രൊജക്റ്റ് നം. | 68/21 |
| പേര് | ഭവനപുനരുദ്ധാരണം -ജനറൽ |
| അടങ്കൽ | 142790-CFC ഗ്രാന്റ്<br>210000-കേന്ദ്രാവിഷ്കൃതം<br>35290 തനതുഫണ്ട് |
| ആകെ | 388080/ |

മേൽപറഞ്ഞ പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി.നബീസ അബ്ദു വൈപ്പിൻകാട്ടിൽ, പി. ഒ. കോതപറമ്പ് എന്ന വ്യക്തി 16/3/21 ന് 50000/ രൂപ കൈപ്പറ്റി ശേഷം പണി പൂർത്തീകരിച്ചിട്ടില്ല എന്നത് സംബന്ധിച്ച് 5/21/6/22 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അന്നത്തെ നിർവ്വഹണ അധികാരി നൽകിയ മറുപടിയിൽ നിർവ്വഹണ അധികാരി സ്ഥലം മാറിപ്പോയെന്നും പ്രൊജക്റ്റ് സ്പിൽ ഓവറായി തുടരുന്നുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ട്.

പണി എത്രയും വേഗം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ നിലവിലെ നിർവ്വഹണ അധികാരി അറിയിക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രൊജക്റ്റ് നം. | 174/21 |
| അടങ്കൽ | 178080-SCP ഫണ്ട്<br>210000-കേന്ദ്രാവിഷ്കൃതം |
| ആകെ | 388080 |
| പേര് | പ്രളയബാധിതവീടുകളിൽ ടോയ് നിർമാണം-പട്ടികജാതി |

താഴെ കൊടുക്കുന്ന ഗുണഭോക്താക്കൾ പണിഇതു വരെ പൂർത്തീകരിച്ചിട്ടില്ല എന്നു കാണുന്നു.

| പേര് | കൈപ്പറ്റിയ തിയ്യതി | തുക |
|---|---|---|
| കല്യാണി,കൃഷ്ണൻകുട്ടി,കുന്നത്ത് ഹൗസ്, പി. വെമ്പല്ലൂർ | 28/3/21 | 5000/ |
| ഉഷ മോഹനൻ,ചെന്നറ വീട് , | 18/3/21 | 5000/ |

| | | |
|---|---|---|
| പോഴങ്കാവ് | | |
| കൃഷ്ണൻ തെറ്റിൽ, പി.ഒ. പി. വെമ്പല്ലൂർ | 2/3/21 | 5000/ |

ഇത് സംബന്ധിച്ച് മേൽസൂചിപ്പിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിലും സമാനവസ്തുതയാണ് സൂചിപ്പിച്ചിട്ടുള്ളത്.

## 1-43 വി.ഇ.ഒ( ആല സർക്കിൾ)നിർവഹിച്ച പ്രൊജക്റ്റിലെ അപാകതകൾ

വി.ഇ.ഒ. (ആല സർക്കിൾ)നിർവഹിച്ച പ്രൊജക്ടുളിലെ അപാകതകൾ

ഇത് സംബന്ധിച്ച പരാമർശങ്ങൾ താഴെ കൊടുക്കുന്നു.

1. ഗുണഭോക്താക്കളുടെ രജിസ്റ്ററിലും ഫയലിലും ആവശ്യമായ വിവരങ്ങൾ ചേർട്ടിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നം | 70/21 |
| പേര് | എസ്.സി. ഭവനപുനരുദ്ധാരണം |
| അടങ്കൽ | 3150000-SCP |

മേൽപറഞ്ഞ പ്രൊജക്റ്റ് സംബന്ധിച്ച ഗുണഭോക്തകാക്കളുടെ രജിസ്റ്റിലെ ഫയലിലോ അവർ കൈപ്പറ്റിയ തുക എത്രയെന്നോ, തീയ്യതിയോ രേഖപ്പെടുത്തിയിട്ടില്ല. ഫയലിൽ മോണിറ്ററിംഗ് നടത്തിയതിന്റെ വിവരവും രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| രജിസ്റ്റർ പേജ് നം. | ഗുണഭോക്താവിന്റെ പേര് | കുറിപ്പ് |
|---|---|---|
| 3 | വിലാസിനി, ചേപ്പുള്ളി | രണ്ടാം ഗഡു രേഖപ്പെടുത്തിയിട്ടില്ല |
| 4 | കാർത്തികേയൻ, മുറിയപുരക്കൽ | ,, |
| 5 | രാധാ നാരായണൻ | ,, |
| 6 | രമണി ബാബു, കുന്നത്ത് | രണ്ട് ഗഡുതുകയും രേഖപ്പെടുത്തിയിട്ടില്ല |
| 8 | ഗൗരി.എൻ. ആർ. നെൽപിണി | ,, |
| 15 | ശോഭന, തോട്ടുപുറത്ത് | .. |
| 16 | പ്രസന്നശിവൻ, പനങ്ങാട്ട് | ,, |

രജിസ്റ്ററുകളും ഫയലുകളും ക്രമപ്രകാരമല്ലാതെ സൂക്ഷിക്കുന്ന നടപടി ശരിയല്ല. അപാകത പരിഹരിക്കാൻ സത്വരനടപടി കൈകൊള്ളേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 2/21/6/22)

2. ഭൂമി വാങ്ങൽ-പ്രൊജക്റ്റ് -രജിസ്റ്റർ ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. 73/21, ലൈഫ് ഭൂമി വാങ്ങൽ പ്രൊജക്റ്റ് ജനറൽ എന്നതിൽ ഭൂമി കൊടുക്കുന്ന വ്യക്തി ആയ ഗീത മോഹനൻ, കിള്ളികുളങ്ങര ഹൗസ്, പനങ്ങാട്ട് എന്നവർ 225000 രൂപ കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഗുണഭോക്താവായ ലളിത രഘുനാഥൻ കരിനാട്ട് ഹൗസ്, പി.ഒ പനങ്ങാട്ട് എന്നവരുടെ പേരിലേക്ക് ഭൂമി രജിസ്റ്റർ ചെയ്തതിന്റെ രേഖയുടെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. സ്ഥലം പോക്കുവരവ് നടത്തുന്നത് സംബന്ധിച്ച ഫോറത്തിൽ ഗുണഭോക്താവ് ഒപ്പ് രേഖപ്പെടുത്തിയിട്ടുമില്ല.

ഇത് സംബന്ധിച്ച് നല്കിയ 17/22/6//22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-44 വി. ഇ. ഒ (പനങ്ങാട് സർക്കിൾ) നിർവഹിച്ച പ്രൊജക്റ്റിലെ അപാകതകൾ

വി.ഇ.ഒ പനങ്ങാട് സർക്കിൾ നിർവഹിച്ച പ്രൊജക്റ്റിലെ അപാകതകൾ

പ്രൊജക്റ്റ് സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നം, പേര് | അടങ്കൽ |
|---|---|

| | |
|---|---|
| 291/21, ഭവനപുനരുദ്ധാരണം-ജനറൽ | 110000/ വികസനഫണ്ട് ജനറൽ<br>210000/ തനതുഫണ്ട്<br>ആകെ 320000/ |

താഴെപ്പറയുന്ന ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പറ്റിയ ശേഷം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്നും കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | തിയ്യതി |
|---|---|---|
| ഇന്ദിര സുബ്രഹ്മണ്യൻ, ഈഴവത്ര, പനങ്ങാട് | 25000/ | 17/2/21 |
| പ്രദീപ് വേലായുധൻ, പിണ്ടിയത്ത് പടി, വെമ്പല്ലൂർ | 25000/ | ,, |

ഇത് സംബന്ധിച്ച് നൽകിയ 20/22/6/22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മേൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സത്വരനടപടി കൈകൊള്ളേണ്ടതാണ്.

## 1-45 മരാമത്ത് പദ്ധതിപ്രവർത്തനവും പദ്ധതിച്ചെലവും

സാമ്പത്തികവർഷം 114 പ്രൊജക്ടുകൾ ആവിഷ്കരിച്ചതിൽ 93 പ്രൊജക്ടുകൾക്ക് വേണ്ടി തുക ചെലവഴിക്കാൻ കഴിഞ്ഞു. മൊത്തം 59247836രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 42050473 രൂപ ചെലവഴിച്ചു. കോവിഡ് സാഹചര്യം നിലനിന്നിട്ടുകൂടി പദ്ധതിപ്രവർത്തനത്തിലും പദ്ധതിച്ചെലവിലും ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## 1-46 കരാറുകൾ ആധികാരികമായി ചമച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ നിർവഹണോദ്യോഗസ്ഥരായി നടപ്പിലാക്കിയ പ്രൊജക്ടുകളിന്മേലുള്ള പൊതു നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1.2012 ലെ കേരളാ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2010 അനുശാസിക്കുന്ന മാതൃകയിലല്ല കരാറുകാരുമായി കരാർ ചമച്ചിട്ടുള്ളത്. കാലഹരണപ്പെട്ട കേരള ഡിറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള മാതൃകയിലാണ് ഇപ്പോഴും കരാർ ചമച്ചുവരുന്നത്.

2012 ലെ കേരള പൊതുമരാമത്ത് മാന്വൽ എല്ലാ ത.സ്വ.ഭ.വ. സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുള്ളതിനാൽ ആയതിലെ നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് തന്നെ കരാറുകൾ ചമച്ച് ആധികാരികമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-47 ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന സംശുദ്ധ സേവനത്തിന് ജി.എസ്.റ്റി. ഈടാക്കി അടവാക്കി

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി.27/6/17പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("*(Pure Services (Excluding Works Contract Service OrAA Other Composite Supplies Involving Supply Of Any Goods ) Provided To The Central Government,State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution").* ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation, Water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്ടിൽ പഞ്ചായത്ത് ജി.എസ്.ടി നല്കുന്നു. ഫയൽ, എംബുക്ക് എന്നിവ പരിശോധിച്ചതിൽ അറപ്പത്തോടുകളിൽ നിന്നും മണ്ണ് നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തിയ്ക്ക് ജി.എസ്.ടി നൽകിക്കാണുന്നു. മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ലിൽ നല്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| പ്രൊജക്റ്റ് നം., പ്രവൃത്തി, | അളവു പുസ്തകം | പ്രവൃത്തിമൂല്യം | ജി.എസ്.റ്റി | ജി.എസ്.റ്റി ഉൾപെടെ പ്രവൃത്തിമൂല്യം | ബിൽ നം, ബിൽ | തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| അടങ്കൽ, കരാറുകാരൻ | | | | | സാങ്ഷൻ നം | |
| 221/21, ജലരക്ഷ ജീവരക്ഷ നീർച്ചാൽ നവീകരണം, രണ്ടാം ഘട്ടം 11550/-CFC ഗ്രാന്റ് 400000/-വികസന ഫണ്ട് ജനറൽ | 117/2021 | 391937 | 11597 | 411534/പരിമിതപ്പെടുത്തി | 229/16 /10/20 23/19/10/20 | 11534/ 400000/ |
| 86/21, ജലരക്ഷ ജീവരക്ഷ, നീർച്ചാൽ സംരക്ഷണം ഒന്നാം ഘട്ടം,100000/CFC ഗ്രാന്റ് 300000/ മറ്റുള്ളവ | 356/19-20 | 380871.24 | 19044 | 399915 | 291/21 /12/20 | 99915/മൂന്ന് ലക്ഷം രൂപയുടെ ബിൽ സാങ്ഷൻ നമ്പർ ഫയലിൽ ലഭ്യമല്ല. |
| ആകെ | | | 30641 | | | |

മേൽപ്രകാരം ആകെ 30641/- രൂപ സംസ്ഥാനസർക്കാരിലേക്ക് അടക്കേണ്ടി വന്നിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കാമായിരുന്ന തുകയാണ് ഇപ്രകാരം സംസ്ഥാന സർക്കാരിലേക്ക് അടവാക്കിയിട്ടുള്ളത്. ആയതിന് വിശദീകരണം നൽകേണ്ടതാണെന്ന 3/20/6/22 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നിലവിൽ ഇപ്രകാരം ചെയ്യുന്നില്ലയെന്ന് അസി.എൻജിനീയർ വ്യക്തമാക്കിയിട്ടുണ്ട്.

## 1-48 പ്രൈസ് സോഫ്റ്റ്‌വെയർ അപാകതകൾ

പ്രൈസ് സോഫ്റ്റ് വെയറിൽ അധിക ഓവർഹെഡ് ചാർജ് തയ്യാറാക്കുന്നതുമൂലം അധികച്ചെലവ്. 7/5/19 ലെ ത.സ്വ.ഭ. വകുപ്പിന്റെ സ.ഉ.(എം.എസ്)74/14 നമ്പർ ഉത്തരവിൽ 5% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ത.സ്വ.ഭ.വകുപ്പ് സ്ഥാപനങ്ങളിലെ മരാമത്ത് പണികൾക്ക് വേണ്ടി PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. ഇതിൻമേൽ 10% കോൺട്രാക്ടറുടെ ലാഭം കൂടി ഉൾപ്പെടുത്തുമ്പോൾ കരാറുകാർക്ക് അധികതുക ലഭിക്കുന്നുണ്ട്. ഇക്കാര്യം ചീഫ് എൻജിനീയറുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 1-49 കാലി ബാരൽ വില ഈടാക്കിയിട്ടില്ല

ബിറ്റുമിൻ ഇമൽഷനുകൾ എന്നിവ ആവശ്യമായി വരുന്ന റോഡ് പ്രവൃത്തികളില് നിലവിലുള്ള സ്പെസിഫിക്കേഷൻ പ്രകാരം പാക്കഡ് ബിറ്റുമിൻ ആണ് ഉപയോഡിക്കുന്നത്. ഇത്തരം സംഗതികളിൽ കാലി ബാരലിന്റെ വിലയായ 238 രൂപയും അതിൻമേലുള്ള ചരക്കുസേവനനികുതിയും ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ഈടാക്കിയിട്ടില്ല.

കരാറുകാരിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-50 അനധികൃമായി കൈപ്പറ്റിയ തൊഴിലുറപ്പുവേതനം തിരിച്ചടച്ചു

ശ്രീമതി സിന്ധു ശശി, പുത്തൻകാട്ടിൽ, പി.വെമ്പല്ലൂർ എന്നവർ അനധികൃതമായി കൈപ്പറ്റിയ തൊഴിലുറപ്പുപദ്ധതി വേതനം തിരിച്ചടച്ചത് സംബന്ധിച്ച ഫയൽ JC3-4048/22 പരിശോധിച്ചതിന്മേലുള്ള പരാമർശങ്ങൾ താഴെ കൊടുക്കുന്നു.

ശ്രീമതി.കാതിക്കോടത്ത് ലളിത ഷാജി എന്നവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ മതിലകം ബ്ലോക്ക് പ്രോഗ്രാം ഓഫീസർ നടത്തിയ അന്വേഷണത്തിന്മേലുള്ള 7/5/22 ലെ ഡി(NREGS)/22 റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത് ശ്രീമതി ദേവയാനി കാതിക്കോടത്ത്, പി.വെമ്പല്ലൂർ എന്നവർ ഒരു വർഷത്തോളമായി കിടപ്പുരോഗി ആയിരുന്നുവെന്നും 19/3/22 ന് മരണപ്പെട്ടുവെന്നും ഇക്കാലയളവിലും മരണശേഷം 21/3/22 നം ഇവർ തൊഴിൽ ചെയ്തുവെന്ന് വ്യാജരേഖ ഉണ്ടാക്കിയും ഇവരുടെ ബാങ്ക് അക്കൗണ്ടിൽ നിന്ന് വ്യാജ ഒപ്പിട്ട് ചെക്ക് മുഖേന ശ്രീമതി.സിന്ധു എന്നവർ പണം കൈപ്പറ്റിയെന്നുമാണ്.

ഇതേതുടർന്ന് 1220100912/GO81405/23/22 നമ്പർ രശീതി പ്രകാരം ശ്രീമതി.സിന്ധു ശശി 24864 രൂപ REFUD OF UNAUTHORISEDLY ACCEPTED VAGES-NREGS,FILE No.JC3-4048/22 പ്രകാരം തിരിച്ചടച്ചു.

തൊഴിലുറപ്പുപദ്ധതി ഓഡിറ്റ് ഇടങ്ങുന്നതിന് മുമ്പേ തന്നെ ഓഡിറ്റ് കാലയളവിലോ, അതിനുശേഷമോ എന്തെങ്കിലും ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടോ എന്ന 20/6/22 ലെ 2 നമ്പർ എൻക്വയറിക്കുള്ള മറുപടിയിൽ ഗുരുതരമായ ക്രമക്കേടുകൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല എന്നാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 81, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 12എന്നിവ അനുസരിച്ച് ഗുരുതരമായ ക്രമക്കേടുകൾ മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചാൽ അക്കാര്യം ഓഡിറ്റിനെ അറിയിക്കണമെന്ന നിബന്ധന ഇവിടെ പാലിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ 16/22/6/22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിട്ടില്ല.

സംഭവത്തിന്റെ ഗുരുതരാവസ്ഥ കണക്കിലെടുത്ത് താഴെപ്പറയുന്നഅടിയന്തിരനടപടികൾ സത്വരമായി കൈക്കൊള്ളേണ്ടതാണ്.

1.ആഭ്യന്തരനിയന്ത്രണ, ആഭ്യന്തര ഓഡിറ്റ് സംവിധാനങ്ങൾ, വിജിലൻസ് മോണിറ്ററിങ് കമ്മിറ്റി പ്രവർത്തനം എന്നിവ കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്.

2.തൊഴിലാളികൾ പ്രവൃത്തിയെടുക്കുന്നുണ്ട് എന്നുള്ള കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

3.അസുഖബാധിതർ കിടപ്പുരോഗികൾ, സ്ഥലത്തില്ലാത്തവർ എന്നിവർ മസ്റ്റർ റോളിൽ ഒപ്പിടുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-51 തൊഴിലുറപ്പുപദ്ധതിപ്രവർത്തനം

സാമ്പത്തികവർഷം മുന്നിരിപ്പും പലിശയുമായി വരവുവന്ന നാലരക്കോടിയിലേറെ രൂപ പൂർണമായും ചെലവഴിച്ചിട്ടുണ്ട്. 977000 രൂപ എന്ന വളരെ പരിമിതമായ ഭരണച്ചെലവാണ് ഇതിനായി വന്നിട്ടുള്ളത്. സാമ്പത്തികവർഷം 891 പ്രൊജക്ടുകൾ ആവിഷ്കരിച്ചതിൽ 369 പ്രൊജക്ടുകളാണ് പൂർത്തീകരിച്ചത്. 6586 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തതിൽ 2583 കുടുംബങ്ങൾ തൊഴിലെടുത്തു. 588 കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ പ്രവൃത്തി ലഭിച്ചു. പ്രധാനമായും ഭൂവികസന പ്രവൃത്തികൾക്കും നീർത്തടാധിഷ്ഠിത പ്രവൃത്തികൾക്കും 73 ഭവനനിർമാണ പ്രവൃത്തികളുമാണ് നടത്തിയിട്ടുള്ളത്. ഇവക്കായി എത്ര തുക, ചെലവഴിച്ചുവെന്ന വിവരം ലഭ്യമാക്കിയിട്ടില്ല. 2 റോഡുകൾ 2 കാനകൾ എന്നിവയുൾപ്പെടെ 4 മെറ്റീരിയൽ വർക്കുകൾ നടത്തിതിൽ 608485 രൂപ ചെലവഴിച്ചു.

## 1-52 ക്വാറി മക്ക് വില എൻ.ആർ.ഇ.ജി.എസ്,പ്രൈസ് സോഫ്റ്റ് വെയർ നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം

ക്വാറിമക്ക് ഫില്ലിങിന് തുക അനുവദിക്കൽ-പ്രൈസ് സോഫ്റ്റ്‌വെയർ, എൻ.ആർ.ഇ.ജി.എസ്. നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം

ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയർ നിർവഹണം നടത്തുന്ന റോഡ് പ്രവൃത്തികളിൽ ഈ ഇനത്തിനുള്ള നിരക്ക് 891.01/M3 ആണെന്നിരിക്കെ തൊഴിലുറപ്പുപദ്ധതിക്ക് ഈ ഇനത്തിന് നൽകുന്നത് 1262.348 രൂപയാണ്. ത.സ്വ.ഭ.വ.സ്ഥാപനങ്ങളിൽ ഒരേ ഇനത്തിന് വ്യത്യസ്ത നിരക്കുകൾ നൽകുന്നത് വലിയ അപാകതയാണ്. ആയതിനാൽ ആ അപാകത പരിഹരിക്കാൻ ഇക്കാര്യം ചീഫ് എൻജിനീയറുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

## 1-53 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ
പ്രോജക്ട് നമ്പർ – 43/21
വികസന ഫണ്ട് അടങ്കൽ – 625,000/-
സബ്സിഡി ചെലവ്: 625000/- (വികസനഫണ്ട്)
1. വൗച്ചർ നമ്പർ : 22001675, തീയതി.19.1.2021 തുക/-625000/-
ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കുന്നത് 625000 രൂപ
കന്നുകുട്ടി പരിപാലന പദ്ധതി 50 ഗുണഭോക്താക്കൾക്ക് സബ്സിഡി 12,500/- രൂപ വീതം 6,25,000/- രൂപ SLBP ക്ക് കൈമാറിയിട്ടുണ്ട്. ക്ഷീര സഹകരണ സംഘം മുഖേനയാണ് പദ്ധതിയിൽ കാലിത്തീറ്റ വിതരണം നടത്തിയിരുന്നത്. പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താവ് പദ്ധതിയിൽ ഇടരുന്നതായി കാണുന്നില്ല.

| ഗുണഭോക്താവിന് പേര് | ഉപയോഗപ്പെടുത്തിയ |
| --- | --- |

| | |
|---|---|
| | സബ്സിഡി |
| ഷഫീനാബി കുറ്റിക്കാട്ടിൽ | 8944 |

പദ്ധതിയിൽ തുടരാൻ രജിസ്റ്ററിൽ കാരണങ്ങൾ രേഖപ്പെടുത്തി കാണുന്നില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ: തീയതി 22.6.2022 മറുപടി ലഭ്യമാക്കിയിട്ടില്ല. പങ്കാളികളായി തുടരാത്തപക്ഷം അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കേണ്ടതുണ്ട്. എസ്.എൽ.ബി.പി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശം, മേൽ പറഞ്ഞ പ്രകാരം പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഗുണഭോക്താവിന്റെ സബ്സിഡി വിഹിതം ബാക്കി തുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം എന്നിവ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-54 സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്തതിൽ പിഴ ഈടാക്കിയിട്ടില്ല

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 2112 അനുസരിച്ച് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്ത പക്ഷം ആയത് കരാറുകാരൻ മുൻകൂട്ടി അസി.എൻജിനീയറെ രേഖാമൂലം വിവരമറിയിക്കേണ്ടതാണ്. കരാറുകാരന്റേതായ ഭാഗികമായോ, പൂർണമായോ കാരണത്താൽ പ്രവൃത്തി കാലാവധി നീട്ടി നൽകേണ്ടി വരികയാണെങ്കിൽ ആദ്യ തവണ പ്രവൃത്തികാലയളവിന്റെ 25% കരാർ തുകയുടെ ഒരു ശതമാനം പിഴ ഈടാക്കിക്കൊണ്ട് നീട്ടി നൽകാം. രണ്ടാം തവണ കരാർ തുകയുടെ രണ്ട് ശതമാനം പിഴ ഈടാക്കിക്കൊണ്ട് കാലാവധി 25% കൂടി നീട്ടി നൽകാം. യാതൊരു കാരണവശാലും അമ്പത് ശതമാനത്തിലും അധികസമയം നീട്ടി നൽകാൻ പാടില്ല. ഇപ്രകാരം കരാർ തുകയുടെ 3% വരെ പരമാവധി കരാറുകാരിൽനിന്നും പിഴ ഈടാക്കാവുന്നതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തയുടെ കാര്യത്തിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല. വിശദവിരം ഇതോടൊപ്പം കൊടുക്കുന്നു. പിഴ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നം | 145/19,234/20, 149/21 |
| പ്രവൃത്തി | മാമ്പി ബസാർടെമ്പിൾ റോഡ് ടാറിങ്-വാർഡ് 2 |
| അടങ്കൽ | 500000/ റോഡ് സംരക്ഷണഗ്രാന്റ് |
| സാങ്കേതികാനുമതി | LSGD/TS/SNP/2018-19 /38399/5/5/18 |
| കാലാവധി | ഒരു വർഷം |
| കരാറുകാരൻ | രാജീവ് .വി.ഡി. |
| കരാർഅളവുപുസ്തകം | 55/AE/LSGD/SNP/16-18 /16/10/18 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി | 15/10/18 |
| പൂർത്തീകരിച്ച തീയ്യതി | 25/7/20 |
| കരാർ തുക | 4999410.07 രൂപ |
| ബിൽ സാങ്ഷൻ നം, തുക | 450/30/3/20, 173103/രൂപ<br>152/7/8/20, 323128/ രൂപ |
| ഈടാക്കേണ്ട പിഴ 1%+2% | 14984 രൂപ |

മേൽപറഞ്ഞ തുക കരാറുകാരനിൽ നിന്ന് ഈടാക്കി, നിർവഹണം നടത്തിയ അസി.എൻജിനീയർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 400000 | കന്നുകട്ടി പരിപാലനം | 400000 | 0 |
| | 2020-2021 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| | 2020-2021 | 1200000 | ലൈഫ് ഭവനപദ്ധതി സ്ഥലം വാങ്ങൽ | 1200000 | 0 |
| | 2020-2021 | 800000 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 600000 | 200000 |
| | 2020-2021 | 800000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 800000 | 0 |
| | 2020-2021 | 1000000 | പോഷകാഹാര വിതരണം | 634036 | 365964 |
| | 2020-2021 | 40000 | ലൈഫ് ഭവന നിർമ്മാണം S C (SO) | 40000 | |
| | 2020-2021 | 599767 | ലൈഫ് ഭവന നിർമ്മാണം S C | 480000 | 119767 |
| | 2020-2021 | 2800000 | ലൈഫ് ഭവന നിർമ്മാണം S C New | 2800000 | |
| | 2020-2021 | 1075000 | ലൈഫ് ഭവനപദ്ധതി സ്ഥലം വാങ്ങൽ Sc | 900000 | 175000 |
| | 2020-2021 | 125000 | ലൈഫ് ഭവനപദ്ധതി സ്ഥലം വാങ്ങൽ So | 125000 | |
| | 2020-2021 | 400000 | ജലരക്ഷ ജീവരക്ഷ , ഇനി ഞാൻ ഒഴുകട്ടെ | 400000 | |
| | 2020-2021 | 300000 | ഇല്ലച്ചോട് ചന്ദന റോഡ് മുതൽ മണത്തല മുരളി പരിസരം റോഡ് ടൈൽ വിരിക്കൽ | 300000 | |
| | 2020-2021 | 300000 | ആർ കെ പടി റോഡ് ടൈൽ വിരിക്കൽ വാർഡ് 3 | 298413 | 1587 |

| | | | | | |
|---|---|---|---|---|---|
| | 2020-2021 | 400000 | അജയകുമാർഘോഷ് റോഡ് വാർഡ് 1 | 399102 | 898 |
| | 2020-2021 | 550000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് ധനസഹായം | 550000 | |
| | 2020-2021 | 600000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് ധനസഹായം | 450000 | 150000 |
| | 2020-2021 | 10000 | വിശപ്പ് രഹിത കേരളം -ജനകീയ ഹോട്ടൽ | 10000 | 0 |
| ജില്ലാ പഞ്ചായത്ത്(ഒബി.1675365) | 2020-2021 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| | 2020-2021 | 2200000 | ലൈഫ് ഭവനപദ്ധതി സ്ഥലം വാങ്ങൽ | 2200000 | 0 |
| | 2020-2021 | 800000 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 800000 | 0 |
| | 2020-2021 | 600000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 600000 | 0 |
| | 2020-2021 | 200000 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ | 200000 | 0 |
| | 2020-2021 | 1200000 | പോഷകാഹാര വിതരണം | 641140 | 558860 |
| | 2020-2021 | 300000 | വൃദ്ധർക്ക് കട്ടിൽ ജനറൽ | 300000 | |
| | 2020-2021 | 600000 | പോഷകാഹാര വിതരണം | 600000 | |
| | 2020-2021 | 400000 | സ്ട്രീറ്റ്മെയിൻ ലൈൻ എക്സ്റ്റൻഷൻ | 400000 | |
| | 2020-2021 | 675000 | ലൈഫ് ഭവനപദ്ധതി സ്ഥലം വാങ്ങൽ | 675000 | |
| | 2020-2021 | 125000 | ലൈഫ് ഭവനപദ്ധതി സ്ഥലം വാങ്ങൽ | 125000 | |
| | 2020-2021 | 82000 | തഴപ്പായ ജില്ലാ പഞ്ചായത്ത് റോഡ് ടൈൽ വിരിക്കൽ | 82000 | |
| | 2020-2021 | 1400000 | ശാന്തിപുരം പൊരിബസാർ ലിങ്ക് റോഡ് വൈഡനിങ്ങ് | 1400000 | |
| | 2020-2021 | 2000000 | കട്ടൻബസാർ പതിയാശ്ശേരി റോഡ് | 2000000 | |
| | 2020-2021 | 300000 | ജലരക്ഷ ജീവരക്ഷ , ഇനി ഞാൻ ഒഴുകട്ടെ | 300000 | |
| | 2020-2021 | 10000 | വിശപ്പ് രഹിത കേരളം | 10000 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സ്ഥാപനം നിക്ഷേപ പ്രവൃത്തികൾ ഇല്ല എന്നാണ് മറുപടി നല്കിയിരിക്കുന്നത്. എന്നാൽ 2020-21 വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്ക് വാട്ടർ അതോറിറ്റി, കെ എസ് ഇ ബി എന്നിവയ്ക്ക് തുക നല്കിയിട്ടുണ്ട്. എന്നാൽ കൃത്യമായി ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർക്കുകയോ കൃത്യമായ ഡെപ്പോസിറ്റ് ശീർഷകത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്തതിനാൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | സ.ഉ 800/10 /തസ്വഭവ /തിയ്യതി 09/03/2010 | 1,24,57,000 | 47,49,406 | 12,60,000 | 1,84,959 1,73,992 | 34,89,406 |
| LIFE - Loan From HUDCO | GO(MS) No 68/2018/LSGD Dt 18.05.2018 | 3,38,35,507 | 3,14,09,036 | 30,00,196 | 0 | 2,84,08,840 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,52,11,971 |
| പലിശ | 18,93,146 |
| ആകെ | 27,01,05,117 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 27,01,05,117 |

(ഖണ്ഡിക 1-34 കൂടി കാണുക)

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

വിവരം ലഭ്യമല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,86,55,211 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12,41,66,554 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1978-79 | എൽഎഫ് ടി (എസ്2)-1366/12 /20.10.11/01.02.12 | |
| 1979-80 | | |
| 1980-81 | | |
| 1981-82 | | |
| 1982-83 | | |
| 1983-84 | | |
| 1985-86 | | |
| 1988-89 | | |
| 1989-90 | | |
| 1990-91 | | |
| 1991-92 | | |
| 1992-93 | | |
| 1995-96&1996-97 | എൽഎഫ് ടി-11-372/98/7.12.98 | |
| 1997-98 | എൽഎഫ് ടി19-1587/99 /9.6.2000/5.9.2000 | |
| 1998-99 | എൽഎഫ് ടി -12-502/94 /16.04.04 | |
| 99-00&01-02(പ്ളാൻ) | എൽഎഫ് ടി -12-1105/03/3.10.03 | |
| 99-00 | എൽഎഫ് ടി -12-2060/04 /5.4.05 | |
| 00-01 | എൽഎഫ് ടി -12-226/08/20.7.09 | |
| 01-02 | എൽഎഫ് ടി 12-227/08 /20.07.09 | |
| 02-03 | എൽഎഫ് ടി 12-228/08 /20.07.09 | |
| 03-04 | എൽഎഫ് ടി 12-229/08 /20.07.09 | |
| 04-05 | എൽഎഫ് ടി 12-61/05/21.12.09 | |
| 05-06 | എൽഎഫ് ടി 12-580/10/27.1.2011 | |
| 06-07 | എൽഎഫ് ടി 12-581/10/27.01.11 /7.6.2011 | |

| | | |
|---|---|---|
| 07-08മുതൽ2010-11വരെ | എൽഎഫ് ടി (പി3) 1633/12 /15.12.12/13.3.13 | |
| 2011-12 | എൽഎഫ് ടി (പി3) 1938/13 /6.2.14/8.4.14 | |
| 12-13 | എൽഎഫ് ടി (പി3) 1034/2014 /10.10.14/5.1.15 | |
| 13-14,14-15 | കെ.എസ്.എ.ടി.എസ്.ആർ. (പി3)367/16 /23.03.16 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി3)-107/2017/28.01.2017 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ. (പി3)1648/17/28.11.2017 /29.12.2017 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ. (പി3)630/19 /4.5.19 | |
| 2018-19 | കെ.എസ്.എ.-ടി.എസ്.ആർ. (പി.3)1781/2019/13.05.20 | |
| 2019-20 | കെ.എസ്.എ.-ടി.എസ്.ആർ. (പി.14)518/21/ തീയ്യതി 30.3.2021 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്